നടത്തപ്പെട്ട പഠനങ്ങളിൽ വ്യക്തമാക്കപ്പെട്ട വയോജനങ്ങളുടെ ശാരീരികവും മാനസികവും സാമൂഹികവുമായ പ്രശ്നങ്ങളുടെ പരിഹാരനടപടികൾ സ്വീകരിക്കുന്നതിന് ആരോഗ്യവകുപ്പ് ഓരോ സാമ്പത്തിക വർഷവും പദ്ധതികൾ നടപ്പിലാക്കിവരുന്നു.

വയോജനങ്ങൾക്ക് പൊതുവെ കാണപ്പെടുന്ന രോഗങ്ങൾക്കുള്ള ചികിത്സാരീതികളും അതിന് ഉതകുന്ന ഭൗതിക സാഹചര്യങ്ങളും ഒരുക്കുന്നതിൽ ആരോഗ്യ വകുപ്പ് പ്രത്യേകം ശ്രദ്ധ ചെലുത്താറുണ്ട്. ജെറിയാട്രിക് വാർഡുകൾ, ക്ലിനിക്കുകൾ, ക്യാമ്പുകൾ, കൃത്രിമ ശ്രവണ സഹായികൾ, കൃത്രിമ ദന്തം തുടങ്ങിയവയുടെ വിതരണം, പക്ഷാഘാത പുനരധിവാസ ക്ലിനിക്കുകൾ, വൃദ്ധജനങ്ങൾക്കാവശ്യമായ അവശ്യ ഉപകരണങ്ങളുടെ (വീൽ ചെയർ, വാക്കിംഗ് സ്റ്റിക്, ക്രച്ചസ്) വിതരണം തുടങ്ങിയ പ്രവർത്തനങ്ങൾ മേൽപ്പറഞ്ഞ പഠനങ്ങളുടെ വെളിച്ചത്തിലാണ് ആരോഗ്യ വകുപ്പ് നടപ്പിലാക്കിയത്. കൂടാതെ സാമൂഹ്യ നീതി വകുപ്പ്, മെഡിക്കൽ കോളേജുകൾ, നിംഹാൻസ് പോലുള്ള ഉന്നത പഠന കേന്ദ്രങ്ങളുമായും വയോജന ആരോഗ്യ സംരക്ഷണവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ സഹകരിച്ച് പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത ആവശ്യത്തിനായി എല്ലാ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളോടനുബന്ധിച്ചും ജെറിയാട്രിക് വാർഡുകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.

(ബി) ആരോഗ്യ വകുപ്പിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലാ ആശുപത്രികളിൽ ജെറിയാട്രിക് വാർഡുകളും ക്ലിനിക്കുകളും ആരംഭിക്കുന്നതിന് വേണ്ട് അനുവദിക്കുകയും നടപടികൾ സ്വീകരിച്ച് നടപ്പിലാക്കിവരികയും ചെയ്യുന്നു. സംസ്ഥാനത്തെ മിക്ക ജില്ലാ ആശുപത്രികളിലും ഈ സൗകര്യങ്ങൾ സജ്ജമാക്കുകയും ചെയ്തിട്ടുണ്ട്.

കേന്ദ്രാവിഷ്കൃത പദ്ധതിയായ എൻ.പി.എച്ച്.സി.ഇ. (നാഷണൽ പ്രോഗ്രാം ഫോർ പെരൽത്ത് കെയർ ഓഫ് എൽഡേർലി)-യുടെ ഭാഗമായി പത്തനംതിട്ട, ഇടുക്കി, തൃശ്ശൂർ, ആലപ്പുഴ, കോഴിക്കോട് എന്നീ ജില്ലാ ആശുപത്രികളിൽ വയോജനങ്ങൾക്കായുള്ള പ്രത്യേക ക്ലിനിക്കുകൾ പ്രവർത്തിച്ചുവരുന്നു.

(സി) വൃദ്ധജനങ്ങളുടെ ആരോഗ്യ സുരക്ഷ ഉറപ്പാക്കുവാൻ കോർപ്പറേഷൻ, മുനിസിപ്പൽ ഏരിയകളിൽ സാമൂഹ്യ-സുരക്ഷാ വകുപ്പ് ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്ന 'വയോമിത്രം' പദ്ധതിക്ക് ആരോഗ്യ വകുപ്പ് സാങ്കേതിക സഹായവും മറ്റ് അനുബന്ധ സഹായങ്ങളും നൽകിവരുന്നു.

മാനസികാരോഗ്യനയം

7 (6712) ശ്രീ. എം. എ. വാഹീദ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മാനസിക ആരോഗ്യനയം രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) പ്രസ്തുത നയത്തിന്റെ പ്രധാന വിശദാംശങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത നയം എന്ന് പ്രസിദ്ധീകരിക്കാനാകുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് മാനസികാരോഗ്യ നയം രൂപീകരിച്ചിട്ടുണ്ട്.

(ബി) വിശദാംശങ്ങൾ അനുബന്ധം 1-ൽ ചേർക്കുന്നു.

(സി) മാനസികാരോഗ്യ ചികിത്സാ രംഗത്തിന്റെ ഒരു ചരിത്രാവലോകനം, സംസ്ഥാനത്തെ ചികിത്സാ രംഗങ്ങളെപ്പറ്റി കാലാകാലങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുള്ള വിവിധ റിപ്പോർട്ടുകളുടെ അവലോകനം, സംസ്ഥാന മാനസികാരോഗ്യ മേഖല ആസൂത്രണവും പരിപാടിയും നടപ്പിലാക്കുമ്പോൾ പരിഗണിക്കേണ്ട ദീർഘകാല ലക്ഷ്യങ്ങളും താൽക്കാലിക ലക്ഷ്യങ്ങളും, നിലവിലുള്ള പരിസ്ഥിതി പ്രശ്നങ്ങളും സേവനത്തിൽ വരുത്തേണ്ട മാറ്റങ്ങളും, മാനസികാരോഗ്യ രംഗം ആസൂത്രണം ചെയ്യുമ്പോൾ സ്വീകരിക്കേണ്ട തത്വങ്ങൾ, മാനസികാരോഗ്യ പരിപാടികൾ നടപ്പിലാക്കുമ്പോൾ സ്വീകരിക്കേണ്ട സമീപനം, വിവിധ മേഖലകളുമായുള്ള സഹകരണവും ഏകോപനവും, മാനസികാരോഗ്യ ചികിത്സാരംഗത്തെ ഗവേഷണം പ്രോത്സാഹിപ്പിക്കേണ്ടതിന്റെ ആവശ്യകത തുടങ്ങിയവയാണ് ഈ പോളിസിയിൽ വിശദീകരിച്ചിട്ടുള്ളത്. മാനസികാരോഗ്യ ചികിത്സാ രംഗത്തെ മനോരോഗ ചികിത്സാ കേന്ദ്രങ്ങളിൽനിന്നും വികേന്ദ്രീകരിച്ച് രോഗിയുടെ കുടുംബ-സാമൂഹിക അന്തരീക്ഷത്തിൽ വച്ചുതന്നെ ചികിത്സിച്ച് ഭേദമാക്കുന്നതിനും അവിടങ്ങളിൽത്തന്നെ പുനരധിവസിപ്പിക്കുന്നതിനും പ്രാധാന്യം നൽകിക്കൊണ്ടുള്ള ഒരു മാനസികാരോഗ്യ നയമാണ് പുതുതായി വിഭാവനം ചെയ്തിട്ടുള്ളത്. മാനസിക രോഗ ചികിത്സയെ ഒരു പ്രത്യേക ചികിത്സയായി കാണുന്നതിനു പകരം പൊതുചികിത്സാ രീതിയുടെ ഭാഗമായി മാറ്റുന്നതിന് ഉതകുന്ന നിർദ്ദേശങ്ങൾ ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. മാനസികാരോഗ്യ ചികിത്സാ രംഗത്ത് ഇന്ന് നിലനിൽക്കുന്ന പല പ്രതിസന്ധികളും പരിഹരിക്കുവാൻ പുതുതായി രൂപീകരിച്ച മാനസികാരോഗ്യ നയം നടപ്പിലാക്കുക വഴി സാധിക്കും.

(ഡി) സ.ഉ(അച്ചടി) നമ്പർ. 206/2013/ആ.കു.വ. തീയതി 28-5-2013 പ്രകാരം മാനസികാരോഗ്യനയം കാലോചിതമായി പരിഷ്കരിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.)*

* വൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly